**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4954** **20-07-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ കെ-ടെറ്റ് പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2012 അധ്യയന വർഷത്തിൽ എയ്ഡഡ് വിദ്യാലയങ്ങളിൽ ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ വിജയിച്ചിരിക്കണം എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | 01.06.2012 മുതൽ റഗുലർ ഒഴിവിൽ നിയമിതരാവുന്ന സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും കെ-ടെറ്റ് വേണമെന്ന് 25.07.2012 ലെ സ.ഉ(പി) നം.244/2012/പൊ.വി.വ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ സർക്കാർ സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ വിജയിച്ചിരിക്കണം എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 29.07.2011 ന ശേഷമുള്ള പി.എസ്.സി വിജ്ഞാപന പ്രകാരം സർവ്വീസിൽ പ്രവേശിച്ച സർക്കാർ അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നേടേണ്ടതായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് കെ-ടെറ്റ് പരീക്ഷ ആദ്യമായി നടന്നത് 2012 ആഗസ്റ്റ് മാസത്തിലാണെന്നിരിക്കെ 2012 ജൂൺ മാസത്തിൽ ജോലിയിൽ പ്രവേശിച്ച എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സായില്ല എന്ന കാരണത്താൽ ഗ്രേഡ്, ഇൻക്രിമെന്റ് മുതലായ ആനുകൂല്യങ്ങൾ തടയപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | സർക്കാർ, എയ്ഡഡ് അദ്ധ്യാപകർക്കിടയിൽ കെ-ടെറ്റ് പരീക്ഷ പാസ്സാകണമെന്ന നിബന്ധനയിലുള്ള വേർതിരിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | 2012 മുതലുള്ള എയ്ഡഡ് നിയമനങ്ങൾക്കാണ് കെ - ടെറ്റ് നിർബന്ധമാക്കിയത്. 2016 മുതലുള്ള പി.എസ്.സി നോട്ടിഫിക്കേഷനിലാണ് കെ-ടെറ്റ് യോഗ്യത ഉൾപ്പെടുത്തിയത് . 30.06.2020 ലെ ജെ3/37/2020/പൊ.വി.വ കത്ത് പ്രകാരം 29.07.2011 ന് ശേഷമുള്ള പി.എസ്.സി വിജ്ഞാപന പ്രകാരം സർവ്വീസിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അദ്ധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നേടേണ്ടതുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 2020-21 വരെ സർവ്വീസിൽ പ്രവേശിച്ചവർക്ക് 2021 അവസാനം വരെ കെ-ടെറ്റ് പരീക്ഷ പാസ്സാകുന്നതിന് സമയം അനുവദിച്ചിട്ടുണ്ട്. |
| (ഇ) | കെ-ടെറ്റ് പരീക്ഷ നടത്തിയിട്ടില്ലാത്ത കാലയളവിൽ നിയമിതരായ അദ്ധ്യാപകരെ പ്രസ്തുത പരീക്ഷ പാസ്സാകണമെന്ന നിബന്ധനയിൽ നിന്ന് | (ഇ) | കെ-ടെറ്റ് പരീക്ഷ നിർബന്ധമാക്കിയ കാലയളവിൽ നിയമിതരായ അദ്ധ്യാപകർ പ്രസ്തുത പരീക്ഷ പാസ്സാകേണ്ടതാണ്. ഉണമേന്മയുള്ള സ്കൂൾ |

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കുക എന്നത് കുട്ടികളുടെ അവകാശമായി 2009 ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഗുണമേന്മ ഉറപ്പാക്കുന്നതിനാണ് എൻ.സി.റ്റി.ഇ മാനദണ്ഡപ്രകാരം കെ-ടെറ്റ് പരീക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ യോഗ്യത പരീക്ഷയായ കെ-ടെറ്റ് പരീക്ഷ ഒഴിവാക്കുന്നത് വിദ്യാഭ്യാസ ഗുണനിലവാരത്തെ ബാധിക്കും. |

സെക്ഷൻ ഓഫീസർ